ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 05.05.2026** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1. യുഎഇയിലെ ഫുജൈറയിലുണ്ടായ ഇറാൻ ഡ്രോൺ ആക്രമണത്തെ അപലപിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി; നയതന്ത്ര ചർച്ചകളിലൂടെ സമാധാനം പുനഃസ്ഥാപിക്കണമെന്ന് പ്രധാനമന്ത്രി.
2. സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിൽ വിജയിച്ച സ്ഥാനാർത്ഥികളുടെ റിസൽട്ട് നോട്ടിഫിക്കേഷൻ റിപ്പോർട്ട് ഗവർണർക്ക് കൈമാറി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു.കേൽക്കർ.
3. കേരളത്തിൽ സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട് ചർച്ചകൾ ഊർജ്ജിതമാക്കി യുഡിഎഫ്.
4. തമിഴ്നാട്ടിലും സർക്കാർ രൂപീകരണ ശ്രമങ്ങൾ തുടരുന്നു; മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ ഗവർണർക്ക് രാജി നൽകി.
5. ചൂടിനെതിരെ കർശന ജാഗ്രത തുടരണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത.
6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്ങ്സ് - ഡൽഹി ക്യാപിറ്റൽസ് പോരാട്ടം.

## പ്രധാനമന്ത്രി -യുഎഇ

യുഎഇയിലെ ഫുജൈറയിൽ ഉണ്ടായ ആക്രമണത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ശക്തമായി അപലപിച്ചു. നയതന്ത്ര ചർച്ചകളിലൂടെ സമാധാനം പുനഃസ്ഥാപിക്കണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഹോർമുസ് കടലിടുക്കിലൂടെ കപ്പൽ ഗതാഗതം ഉറപ്പാക്കേണ്ടത് പ്രാദേശിക സമാധാനത്തിനും ആഗോള ഊർജ്ജ സുരക്ഷയ്ക്കും അത്യാവശ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഇറാൻ ഡ്രോൺ ആക്രമണത്തെ തുടർന്ന് യുഎഇയിലെ ഫുജൈറയിൽ ഉണ്ടായ തീപിടുത്തത്തിൽ മൂന്ന് ഇന്ത്യൻ പൗരന്മാർക്ക് പരിക്കേറ്റിരുന്നു.

## രത്തൻ യു.കേൽക്കർ

നിയമസഭാ തിരഞ്ഞെടുപ്പിൽ വിജയിച്ച സ്ഥാനാർത്ഥികളുടെ റിസൽട്ട് നോട്ടിഫിക്കേഷൻ റിപ്പോർട്ട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർക്ക് നൽകിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു.കേൽക്കർ. ഫോം 21 സി പ്രകാരമുള്ള വിവരങ്ങളടങ്ങിയ റിപ്പോർട്ട് ആണ് ലോക്ഭവനിലെത്തി കൈമാറിയത്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രതിനിധികളായ സെക്രട്ടറി പവൻ ധിവാൻ, അണ്ടർ സെക്രട്ടറിമാരായ ബ്രിജേഷ് കുമാർ, അഭിഷേക് തിവാരി എന്നിവരും സന്നിഹിതരായിരുന്നു.

## കേരളം - സർക്കാർ രൂപീകരണം

കേരളത്തിൽ സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട് അനൗപചാരിക ചർച്ചകൾ ഊർജ്ജിതമാക്കി കോൺഗ്രസ് നേതൃത്വം നൽകുന്ന യുഡിഎഫ് മുന്നണി. 140 നിയമസഭാ മണ്ഡലങ്ങളിൽ 102 എണ്ണത്തിൽ ഉജ്ജ്വല വിജയം നേടിയ യുഡിഎഫ്, നിയമസഭാ കക്ഷി യോഗത്തിന് ശേഷം മന്ത്രിസഭ രൂപീകരണത്തിനായി ഗവർണറെ സമീപിക്കും. ഡൽഹിയിൽ നിന്നും അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി പ്രതിനിധികൾ എത്തിയതിനു ശേഷം യോഗം നടത്തുമെന്ന് യുഡിഎഫ് വൃത്തങ്ങൾ സൂചന നൽകിയിട്ടുണ്ട്.

## മുഖ്യമന്ത്രി- രാജി

മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഗവർണർക്ക് രാജി സമർപ്പിച്ചു. രാജി അംഗീകരിച്ച ഗവർണർ പുതിയ ക്രമീകരണങ്ങൾ ഉണ്ടാകുന്നതുവരെ മുഖ്യമന്ത്രിയോട് പദവിയിൽ തുടരാൻ നിർദ്ദേശിച്ചു.

## തമിഴ്നാട് - സർക്കാർ

തമിഴ്നാട്ടിൽ, ടിവികെ അധ്യക്ഷൻ സി. ജോസഫ് വിജയ്‌യെ നിയമസഭാ പാർട്ടി നേതാവായി ഔദ്യോഗികമായി തിരഞ്ഞെടുത്തു. ചെന്നൈ പനയൂരിലെ പാർട്ടി ആസ്ഥാനത്ത് നടന്ന യോഗത്തിലാണ് തീരുമാനം.

തിരഞ്ഞെടുപ്പിൽ തമിഴക വെട്രി കഴകം 108 സീറ്റുകൾ നേടി ഏറ്റവും വലിയ ഒറ്റകക്ഷിയായി. അതേസമയം, സ്ഥാനമൊഴിയുന്ന മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ സമർപ്പിച്ച രാജി ഗവർണർ സ്വീകരിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## ടി വി കെ ആശംസ

തിരഞ്ഞെടുപ്പ് വിജയത്തിന് ആശംസകൾ അറിയിച്ച പ്രധാനമന്ത്രി നരേന്ദ്രമോദിക്കും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കും നന്ദി അറിയിച്ച് ടി.വി.കെ അധ്യക്ഷൻ വിജയ്. ജനങ്ങളുടെ ക്ഷേമം മാത്രമാണ് ലക്ഷ്യമെന്നും
രാഷ്ട്രീയത്തിന് അതീതമായി, സംസ്ഥാനത്തിന്റെ പുരോഗതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ഈ ശ്രമത്തിൽ കേന്ദ്ര സർക്കാരിന്റെ പിന്തുണ പ്രതീക്ഷിക്കുന്നതായും ശ്രീ വിജയ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## പശ്ചിമ ബംഗാൾ - സത്യപ്രതിജ്ഞ

പശ്ചിമ ബംഗാളിൽ, സർക്കാർ രൂപീകരണത്തിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നതിനായി കേന്ദ്രമന്ത്രിയും മുതിർന്ന നേതാവുമായ അമിത് ഷായെ, ബിജെപി, കേന്ദ്ര നിരീക്ഷകനായി നിയമിച്ചു. ഈ മാസം 9 ന് പുതിയ

മന്ത്രിസഭാംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുമെന്നാണ് റിപ്പോർട്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ചടങ്ങിൽ പങ്കെടുക്കുമെന്നും സൂചനയുണ്ട്. ഔദ്യോഗിക ഫലം പുറത്തുവന്ന 292 മണ്ഡലങ്ങളിൽ 206 ഇടത്താണ് ബിജെപി മുന്നിലെത്തിയത്.

## കുഞ്ഞാലിക്കുട്ടി-സാദിഖലി ശിഹാബ് തങ്ങൾ

മന്ത്രിസഭാ രൂപീകരണത്തിൽ കോൺഗ്രസ് തീരുമാനം കാത്തിരിക്കുകയാണെന്ന് മുസ്ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി. അതിനുശേഷം ലീഗ് ചർച്ച ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ഉപ മുഖ്യമന്ത്രിസ്ഥാനം ഉന്നയിച്ചിട്ടില്ലെന്നും എന്നാൽ അർഹമായ പ്രാതിനിധ്യം ലഭിക്കുമെന്നും മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ പ്രതികരിച്ചു.

## സണ്ണി ജോസഫ്

തെരഞ്ഞെടുപ്പിൽ ഏറ്റവും വലിയ വിജയം കണ്ണൂർ ജില്ലയിലാണെന്ന് കെ.പി.സി.സി അധ്യക്ഷൻ സണ്ണി ജോസഫ്. അഞ്ചു സീറ്റുകളിലാണ് ജില്ലയിൽ വിജയിച്ചതെങ്കിലും അഴീക്കോടും കൂത്തുപറമ്പും എൽഡിഎഫ് സ്ഥാനാർത്ഥികൾക്ക് നേരിയ ഭൂരിപക്ഷം മാത്രമേ ലഭിച്ചുള്ളൂ എന്നും അദ്ദേഹം പേരാവൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**രാജീവ് ചന്ദ്രശേഖർ**

നേമം മണ്ഡലത്തിലെ വിജയം ബി ജെ പി പ്രവർത്തകർക്കും ജനങ്ങൾക്കും അവകാശപ്പെട്ടതാണെന്ന് പാർട്ടി സംസ്ഥാന അധ്യക്ഷനും നിയുക്ത എം എൽ എ യുമായ രാജീവ് ചന്ദ്രശേഖർ. വികസിത നേമം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനായി പരിശ്രമിക്കുമെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**കാലാവസ്ഥ ( ഇൻട്രോ )**

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ കർശന ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി. ശനിയാഴ്ച വരെ സംസ്ഥാനത്ത് ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പും അറിയിച്ചു. വിശദാംശങ്ങളിലേക്ക്....

വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**കാലാവസ്ഥ ( വോയിസ് )**

കോന്നി, ചങ്ങനാശ്ശേരി, മൂന്നാർ, തൃത്താല, പൊന്നാനി, ബേപ്പൂർ തുടങ്ങിയ ഇടങ്ങളിൽ ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തിയതോടെ ഓറഞ്ച് ജാഗ്രത നൽകി.

പകൽ 10 മണി മുതൽ 3 മണി വരെ ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് പരമാവധി ഒഴിവാക്കുക. തൊപ്പി, കുട, സൺഗ്ലാസ് എന്നിവ ഉപയോഗിക്കുന്നത് ഉചിതമായിരിക്കും. അതേസമയം, ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് എറണാകുളം, തൃശൂർ ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഇടിമിന്നൽ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തുറസായ സ്ഥലങ്ങളിൽ നിന്നും സുരക്ഷിതമായ ഇടങ്ങളിലേക്ക് മാറുക. വാതിലിനും ജനലിനും അടുത്ത് നിൽക്കാതെയിരിക്കുക. ഇടിമിന്നൽ സമയത്ത് സൈക്കിൾ, ബൈക്ക്, ട്രാക്ടർ തുടങ്ങിയ വാഹനങ്ങളിലുള്ള യാത്ര ഒഴിവാക്കുക. മിന്നൽ ഏറ്റാൽ ആദ്യ മുപ്പത് സെക്കൻഡ് ജീവൻ രക്ഷിക്കാനുള്ള സുവർണ നിമിഷങ്ങളാണ്. മിന്നലേറ്റ ആളിന് ഉടൻ വൈദ്യ സഹായം എത്തിക്കുക. ന്യൂസ്ഡെസ്ക് ആകാശവാണി.....

പാലക്കാട് - നിയന്ത്രണങ്ങൾ

കുറഞ്ഞ താപനിലയും , അൾട്രാവയലറ്റ് സൂചികയും രേഖപ്പെടുത്തിയ സാഹചര്യത്തിൽ പാലക്കാട് ജില്ലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പിൻവലിച്ചു. നേരിട്ടുള്ള ക്ലാസുകൾ പുനരാരംഭിക്കാൻ ജില്ലാ കളക്ടർ അനുമതി നൽകി. ഉഷ്ണ തരംഗ സാധ്യത കണക്കിലെടുത്ത് ഓൺലൈൻ ക്ലാസുകൾ ഏർപ്പെടുത്തിയ ഉത്തരവ് പിൻവലിച്ചതായി ജില്ലാ കളക്ടറാണ് അറിയിച്ചത്.

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്ങ്സും ഡൽഹി ക്യാപിറ്റൽസും ഏറ്റുമുട്ടും. രാത്രി 7.30 നാണ് മത്സരം. പ്ലേഓഫിൽ ഇടം നേടാൻ ഇരു ടീമുകൾക്കും ഇന്നത്തെ മൽസരം നിർണ്ണായകമാണ്. നിലവിൽ ആറാം സ്ഥാനത്താണ് ചെന്നൈ. ഏഴാം സ്ഥാനത്താണ് ഡൽഹി.

## മേയർ വി വി രാജേഷ്

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ നഗരസഭയുടെ പരിധിയിലുള്ള കാര്യങ്ങൾ ചെയ്യുതായി മേയർ വി വി രാജേഷ്. നഗരസഭ പരിധിയിൽ ഉള്ള രണ്ട് മണ്ഡലങ്ങളിലെ ബിജെപി വിജയം നഗരസഭയുടെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണെന്ന് മേയർ പറഞ്ഞു.

## കണ്ണൂർ -ഹജ്ജ്

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുള്ള ഹജ്ജ് യാത്രയ്ക്ക് നാളെ തുടക്കമാകും. ആദ്യ വിമാനം പുലർച്ചെ 2.30 ന് പുറപ്പെടും. 4550 പേരാണ് ഇത്തവണ കണ്ണൂർ വിമാനത്താവളം വഴി ഹജ്ജിന് പോകുന്നത്.

പാലക്കാട് വരയാട് (ഇൻട്രോ)

പാലക്കാട് ജില്ലയിലെ വരയാടുകളുടെ കണക്കെടുപ്പ് തുടരുന്നു. കണക്കെടുപ്പിന്റെ ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ട വിവര ശേഖരണത്തിനായി സൈലന്റ് വാലി പറമ്പിക്കുളം വനമേഖലകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്........**

**(വോയിസ്)**

ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 252 പോയിൻറ് താഴ്ന്ന് 77,018 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 87 പോയിൻറ് കുറഞ്ഞ് 24,033 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില കുറഞ്ഞു. പവന് 320 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 9,400 രൂപയും ഗ്രാമിന് 13,675 രൂപയുമാണ് ഇന്നത്തെ വില .

**ആർപിഎഫ്**

ട്രെയിനിൽ നിന്ന് വീണുള്ള അപകടങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ സുരക്ഷിതമായ യാത്രാ രീതികൾ

പാലിക്കണമെന്ന് തിരുവനന്തപുരം ഡിവിഷൻ റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്. ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനിൽ കയറുകയോ, ഇറങ്ങുകയോ ചെയ്യരുത്. ട്രെയിനിൻ്റെ വാതിൽപ്പടിയിൽ തൂങ്ങിനിന്ന് യാത്രചെയ്യരുതെന്നും മുന്നറിയിപ്പ് നൽകി. ഈ വർഷം ഇതുവരെ ഡിവിഷനിൽ 37 യാത്രക്കാരാണ് അപകടത്തിൽപെട്ടത്.

## പന്നിയാർ ഒഴിപ്പിക്കൽ

ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് ഇടുക്കി പന്നിയാർ പുഴയോരത്തെ താമസക്കാരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പൂപ്പാറയിൽ സംഘർഷം. പൂപ്പാറ വില്ലേജ് ഓഫീസറുടെ നേതൃത്വത്തിലുള്ള റവന്യൂ സംഘത്തെയും കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരെയും നാട്ടുകാർ തടഞ്ഞു. പുനരധിവാസം ഉറപ്പാക്കാതെ വീടുകൾ ഒഴിയില്ലെന്ന നിലപാടിലാണ് പ്രദേശവാസികൾ.

## സൈനിക് സ്കൂൾ

അഖിലേന്ത്യാ സൈനിക സ്കൂൾ പ്രിൻസിപ്പൽമാരുടെ സമ്മേളനം ഈ മാസം 07, 08 തീയതികളിൽ കഴക്കൂട്ടം സൈനിക സ്കൂളിൽ നടക്കും. പ്രതിരോധ സഹമന്ത്രി സഞ്ജയ് സേത്ത് സമ്മേളനത്തിന് അധ്യക്ഷത വഹിക്കും. രാജ്യത്തുടനീളമുള്ള 33 സൈനിക് സ്കൂളുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

## ഗതാഗത നിയന്ത്രണം

തിരുവനന്തപുരം തിരുമല-തൃക്കണ്ണാപുരം റോഡ് നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ പ്ലാവിള മുതൽ പുത്തൻകട ജംഗ്ഷൻ വരെയും തൃക്കണ്ണാപുരം ബ്രിഡ്ജ് ഭാഗത്തും നാളെ മുതൽ ശനിയാഴ്ച വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ചിറതലക്കൽ-മദപുരം റോഡിൽ കലുങ്ക് പ്രവൃത്തി നടക്കുന്നതിനാൽ നാളെ മുതൽ ഒരു മാസത്തേക്ക് ഇതുവഴിയുള്ള ഗതാഗതം നിരോധിച്ചതായും പൊതുമരാമത്ത് വകുപ്പ് അറിയിച്ചു.